മേലെഴുത്ത് കത്ത് നം .ഇ ബി4- 21253/2025/ആവഡ തീയതി

**#ApprovedDate#**

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും

തുടർനടപടിക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു .

Signed by
Reena K J
Date: 01-11-2025 20:16:17

ആരോഗ്യവകുപ്പ് ഡയറക്ടർ

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ലക്ഷ്മി.എസ്.ആർ, ജൂനിയർ കൺസൽട്ടന്റ് ബഹു.ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒഎ 1343/2025 മേലുള്ള 31.07.2025 തീയതിയിലെ വിധിന്യായം അനുവർത്തനം ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.3343/2025/H&FWD തീയതി,തിരുവനന്തപുരം, 31-10-2025

---

പരാമർശം:-

1. ഡോ.ലക്ഷ്മി.എസ്.സമർപ്പിച്ച 23.07.2025 തീയതിയിലെ അപ്പീൽ അപേക്ഷ (Annexure A6)
2. ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒഎ 1343/2025 മേലുള്ള 31.07.2025 തീയതിയിലെ വിധിന്യായം.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 06.10.2025, 28-10-2025 തീയതികളിലെ DHS/21253/2025-ഇബി4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൽട്ടന്റ് ഡോ.ലക്ഷ്മി.എസ്.ആർ. 2025 പൊതുസ്ഥലംമാറ്റത്തിനെതിരായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 1343/2025 ഫയൽ ചെയ്യുകയും പ്രസ്തുത ഒഎയിന്മേലുള്ള പരാമർശം (2) ഉത്തരവിൽ 1-ാം എതിർകക്ഷിയായ സർക്കാർ അപേക്ഷകയെയും, മൂന്നും നാലും എതിർകക്ഷികളെയും നേരിൽകേട്ടതിനു ശേഷം പരാമർശം (1) പ്രകാരമുള്ള അപ്പീൽ (Annexure A6) പരിശോധിച്ച് ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ അനുവർത്തന ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു.

2) ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രി, കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രി, എന്നിവിടങ്ങളിൽ എവിടെയെങ്കിലും നിയമനം നൽകണമെന്നാണ് ഡോ ലക്ഷ്മി എസ് ആർ Annexure A6 ൽ ആവശ്യപ്പെട്ടിരുന്നത്.

3) ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചുവടെ ഒപ്പ് വച്ചിരിക്കുന്ന ഉദ്യോഗസ്ഥ അപേക്ഷകയെയും മൂന്നും നാലും എതിർ കക്ഷികളെയും നേരിൽ കേട്ടിരുന്നു.

നേരിൽ കേൾക്കുന്ന വേളയിൽ മെഡിക്കൽ ഓഫീസർമാർ താഴെപ്പറയും പ്രകാരം ബോധിപ്പിച്ചിരുന്നു.

ഡോ ലക്ഷ്മി എസ് ആർ

മാവേലിക്കര ജില്ലാ ആശുപത്രിയിൽ 06.06.2022 മുതൽ ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റായി ജോലി ചെയ്യുന്നു. ടി സ്ഥാപനത്തിൽ 3 വർഷത്തെ സേവനം പൂർത്തിയാക്കി. കൊല്ലം കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രി, തിരുവനന്തപുരം ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രി എന്നിവിടങ്ങളിലെ ഒഴിവുകളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നു. മുകളിൽ പറഞ്ഞ രണ്ട് സ്റ്റേഷനുകളിൽ നിന്നും 30 കിലോമീറ്റർ അകലെയുള്ള കൊല്ലം പറവൂരിലാണ് താൻ താമസിക്കുന്നത് . 80 വയസ്സുള്ള അമ്മ പൂർണ്ണമായും കിടപ്പിലാണ്. താൻ ഏക മകളാണ്. അമ്മ തന്നെ പൂർണ്ണമായും ആശ്രയിച്ചിരിക്കുന്നു. ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിന്ന് ആലപ്പുഴയിലേക്ക് സ്ഥലംമാറ്റപ്പെട്ട ഡോ ദീപ്തി ചന്ദ്രന് ഒരു വർഷത്തിനുള്ളിൽ ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് വീണ്ടും സ്ഥലംമാറ്റം നൽകി . കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്ക് കൊല്ലം മെഡിക്കൽ കോളേജിൽ അഞ്ച് വർഷം ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിച്ച ഡോ മഞ്ജുഷ റ്റി പി ക്കാണ് നിയമനം നൽകിയിരുന്നത്. മേൽ സാഹചര്യത്തിൽ തനിക്ക് ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കോ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കോ സ്ഥലംമാറ്റം നൽകണം. വർക്കല താലൂക്ക് ആസ്ഥാന ആശുപത്രിയിൽ പ്രൊമോഷൻ മുഖേന ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) തസ്തികയിൽ ഒരു ഒഴിവ് പ്രതീക്ഷിക്കുന്നു. ആയതിൽ നിയമനം നൽകുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

ഡോ ദീപ്തി ചന്ദ്രൻ

ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഒഫ്ത്താൽമോളജി) ആയി സേവനമനുഷ്ഠിക്കുന്നു. 2024 ആഗസ്റ്റിൽ Pulmonary Embolism എന്ന ജീവന് തന്നെ ഭീഷണിയാകുന്ന രോഗം ബാധിച്ചതിനെ തുടർന്ന് നിലവിൽ ചികിത്സയിലാണ്. തിരുവനന്തപുരം ജില്ലയിൽ സേവനമനുഷ്ഠിക്കുന്നത് വഴി ശരിയായ രീതിയിലുള്ള ചികിത്സ ലഭിക്കുന്നതിന് സഹായകമാകും. മാതാപിതാക്കൾ മരണപ്പെട്ടു. മേൽ സാഹചര്യത്തിൽ ഏകമകളെ നോക്കുന്നതിന് ആരും സഹായത്തിനില്ല. തന്റെ ആരോഗ്യസ്ഥിതി പരിഗണിച്ച് ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിൽ തന്നെ നിലനിർത്തണം.

ഡോ മഞ്ജുഷ റ്റി പി

കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്നു. 2017 മുതൽ 2019 വരെ തൊടുപുഴ ജില്ലാ ആശുപത്രിയിൽ സേവനമനുഷ്ഠിച്ചു. തുടർന്ന് മെഡിക്കൽ കോളേജിൽ ഡെപ്യൂട്ടേഷൻ നിയമനം ലഭിച്ചിരുന്നു. കായംകുളം താലൂക്ക് ആസ്ഥാന ആശുപത്രിയിലും തിരുവല്ല താലൂക്ക് ആസ്ഥാന ആശുപത്രിയിലും നിലവിലുണ്ടായിരുന്ന ഒഴിവുകളിലേക്ക് സ്ഥലംമാറ്റത്തിന് അപേക്ഷിച്ചിരുന്നുവെങ്കിലും ലഭിച്ചിരുന്നില്ല. 2025 ലെ പൊതുസ്ഥലംമാറ്റത്തിനും പരിഗണിച്ചിരുന്നില്ല.

4) ആയതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ താഴെപ്പറയും പ്രകാരം അറിയിച്ചിരുന്നു.

മാവേലിക്കര ജില്ലാ ആശുപത്രിയിലെ ഓഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയ ഡോ ലക്ഷ്മി .എസ് .ആർ 06.06.2022 മുതൽ നിലവിലെ സ്റ്റേഷനിൽ സേവനമനുഷ്ഠിച്ചു വരുന്നു . 13-03-2024 ലെ സ.ഉ.സാധാ) നം.760/2024/H&FWD പ്രകാരം 2024 പൊതു സ്ഥലം മാറ്റത്തിന്റെയോ, സീനിയോറിറ്റി അടിസ്ഥാനത്തിലുള്ള സ്ഥലം മാറ്റത്തിന്റെയോ ഭാഗമായി ആവശ്യമെങ്കിൽ പുനഃപരിശോധിക്കും എന്ന വ്യവസ്ഥയിൽ, ആറ്റിങ്ങൽ താലൂക്ക് ആശുപത്രിയിലെ ഒഫ്ലാൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ് ആയിരുന്ന ഡോ. അഹല്യ സുന്ദരത്തിന് ടിയാളുടെ അനുകമ്പാർഹമായ പ്രത്യേക സാഹചര്യം പരിഗണിച്ച് തിരുവനന്തപുരം ജനറൽ ആശുപത്രിയിലേക്കും തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ ഒഫ്ലാൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടൻറ്റ് ആയിരുന്ന ഡോ ദീപ്തി ചന്ദ്രന് ആറ്റിങ്ങൽ താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും സ്ഥലം മാറ്റം അനുവദിച്ച് ഉത്തരവായിരുന്നു . മേൽ സ്ഥലംമാറ്റ ഉത്തരവ് അനുസരിച്ച് ഡോ .ദീപ്തി ചന്ദ്രൻ ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രിയിൽ 15/03/2024 മുതൽ 27/07/2024 വരെ മാത്രമാണ് സേവനമനുഷ്ഠിച്ചത് .2024 പൊതു സ്ഥലം മാറ്റത്തിൽ 06/07/2020 മുതൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ജൂനിയർ കൺസൽട്ടൻറ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ഡോ അനിതാബിനു വിന്റെ ഒന്നാമത്തെ ഓപ്ഷൻ പരിഗണിച്ച് ടിയാൾക്ക് ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് സ്ഥലമാറ്റം അനുവദിച്ച പ്രസ്തുത സാഹചര്യത്തിൽ ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രിയിൽ സേവനമനുഷ്ഠിച്ചിരുന്ന ഡോ ദീപ്തി ചന്ദ്രനെ നിർബന്ധിതമായി ആലപ്പുഴ ജനറൽ ആശുപത്രിയിലേക്ക് സ്ഥലംമാറ്റി നിയമിച്ചിരുന്നു. ആയതിനാലും ടിയാളുടെ ആരോഗ്യ സ്ഥിതി കൂടി കണക്കിലെടുത്തുമാണ് ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രിയിൽ സ്ഥാനക്കയറ്റം മുഖേന നിലവിൽ വന്ന ഒഫ്ത്താൽമോളജി വിഭാഗം ജൂനിയർ കൺസൾട്ടന്റ്

തസ്തികയിലെ ഒഴിവിലേക്ക് ഡോ .ദീപ്തി ചന്ദ്രനെ പരിഗണിച്ചത് . 21/6/2025 തീയതിയിലെ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന ഡോ.ലക്ഷ്മി എസ് .ആർ സമർപ്പിച്ച പുതിയ സ്ഥലംമാറ്റ അപേക്ഷയിൽ ആറ്റിങ്ങൽ താലൂക്കാസ്ഥാന ആശുപത്രിയിലെ ഒഴിവിൽ പരിഗണിക്കുന്നതിനായിരുന്നു അപേക്ഷിച്ചിരുന്നത് . കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിൽ നിലവിലുണ്ടായിരുന്ന ഒഴിവിൽ 2025 കലണ്ടർ വർഷത്തിൽ ലഭ്യമായ സ്ഥലമാറ്റ അപേക്ഷയിൽ താലൂക്കാസ്ഥാന ആശുപത്രി അടിമാലിയിലെ ജൂനിയർ കൺസൾട്ടന്റായിരുന്ന ഡോ. മഞ്ജുഷ ടി പി യുടെ അപേക്ഷ മാത്രമാണ് ഉണ്ടായിരുന്നത് . ആയതിനാൽ ആണ് കൊട്ടാരക്കര താലൂക്കാസ്ഥാന ആശുപത്രിയിലേക്ക് ഡോ.ലക്ഷ്മി.എസ് .ആർ നെ പരിഗണിക്കാതിരുന്നത്. കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന ഡോ മഞ്ജുഷ ടി പി അപേക്ഷകയായ ഡോ ലക്ഷ്മി എസ് ആർ-നെക്കാൾ ജൂനിയർ ആണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചിരുന്നു.

5) മേൽ സാഹചര്യത്തിൽ നിലവിൽ കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിൽ ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി) ആയി സേവനമനുഷ്ഠിക്കുന്ന ഡോ മഞ്ജുഷ ടി പി -ക്ക് മാവേലിക്കര ജില്ലാ ആശുപത്രിയിലേക്കും, മാവേലിക്കര ജില്ലാ ആശുപത്രിയിലെ ജൂനിയർ കൺസൾട്ടന്റ് (ഓഫ്താൽമോളജി) ആയി സേവനമനുഷ്ഠിക്കുന്ന ഡോ ലക്ഷ്മി എസ് ആർ -ന് കൊട്ടാരക്കര താലൂക്ക് ആസ്ഥാന ആശുപത്രിയിലേക്കും സ്ഥലംമാറ്റം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

6) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്മേൽ ഡോ.ലക്ഷ്മി.എസ്.ആർ ഫയൽ ചെയ്ത OA 1343/2025-നമ്പരുള്ള 31.07.2025 തീയതിയിലെ ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്തു കൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീന ഷംസുദ്ദീൻ
ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം.
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), ആലപ്പുഴ/കൊല്ലം
ഡോ.ലക്ഷ്മി.എസ്.ആർ, ജൂനിയർ കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.ദീപ്തി ചന്ദ്രൻ, ജൂനിയർ കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ.മഞ്ജുഷ.ടി.പി, ജൂനിയർ കൺസൾട്ടന്റ് (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ (എ2/446/2025/ഹെൽത്ത്)

ഉത്തരവിൻ പ്രകാരം

Signed by
Anupama G Nair
Date: 31-10-2025 13:24:08

സെക്ഷൻ ഓഫീസർ